**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1828** **20-06-2024 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അങ്കണവാടി ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശികയായ സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലുള്ള കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | **2023 ഏപ്രിലിന് മുമ്പ് വിരമിച്ച മുഴുവൻ ജീവനക്കാർക്കും പെൻഷൻ നൽകി വരുന്നു. 2023-ൽ വിരമിച്ച പെൻഷൻകാർക്കും ഇതിനകം ഒരു മാസത്തെ പെൻഷൻ നൽകി കഴിഞ്ഞു. ശേഷിക്കുന്ന പെൻഷനും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു.** |
| (ബി) | അങ്കണവാടി ജീവനക്കാരുടെ വേതനവിതരണത്തിനും തടസ്സം നേരിടുന്നുണ്ടോ; ഇത് കുടിശ്ശികയായിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | **അങ്കണവാടി ജീവനക്കാരുടെ വേതന വിതരണത്തിന് തടസ്സം നേരിടുന്നില്ല; കുടിശ്ശികയുമില്ല.**<br><br>**അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം, വർഷം തോറും ലഭിക്കുന്ന സർക്കാർ വിഹിതം എന്നിവ ഉപയോഗിച്ചാണ് പ്രതിമാസ പെൻഷനും മറ്റാനുകൂല്യങ്ങളും, ഓരോ വർഷവും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും ബോർഡിന്റെ 10% ഭരണ ചെലവുകളും വഹിച്ചു വരുന്നത്. 2024 ഏപ്രിൽ 30 നു വിരമിച്ച ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ക്ഷേമനിധി ബോർഡിൽ ലഭ്യമായിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ഏകദേശം രണ്ടായിരത്തോളം അങ്കണവാടി പ്രവർത്തകർ ഏപ്രിൽ 30 ന് 62 വയസ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിരമിക്കുന്നുണ്ട്. വിരമിക്കുന്ന അങ്കണവാടി പ്രവർത്തകരിൽ നിന്നും പെൻഷൻ അപേക്ഷകൾ അതാത് ശിശുവികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച് ഐ സി ഡി എസ് പ്രൊജക്ട് തലത്തിൽ പരിശോധന പൂർത്തിയാക്കി മെയ് 15നു മുമ്പായി ജില്ലാ വനിതാശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കുകയും ജില്ലാതല പരിശോധന പൂർത്തിയാക്കിയ അപേക്ഷകൾ ജൂൺ 15നു മുമ്പായി അങ്കണവാടി ക്ഷേമനിധി ബോർഡിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഇപ്രകാരം ലഭ്യമാക്കുന്ന അപേക്ഷകളുടെ പ്രൊസസിംഗ് 2 മാസത്തിനുള്ളിൽ ക്ഷേമനിധി ബോർഡ് കാര്യാലയത്തിൽ** |

| | | | |
|---|---|---|---|
| | | | **പൂർത്തീകരിക്കുന്നുണ്ട്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർദ്ധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർദ്ധിച്ചു വരുന്ന ചെലവ് ബോർഡിന് ഏറെ സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചു വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 1,80,00,000/- രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്.** |
| (സി) | അങ്കണവാടി ജീവനക്കാരുടെ കുടിശ്ശികയായ വേതനവും പെൻഷൻ ആനുകൂല്യങ്ങളും എന്നത്തേക്ക് പൂർണ്ണമായി വിതരണം നടത്താനാകുമെന്ന് അറിയിക്കുമോ; ഇവരുടെ ആനുകൂല്യങ്ങൾ എത്രയും വേഗം കൊടുത്തു തീർക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (സി) | **അങ്കണവാടി ജീവനക്കാരുടെ വേതന വിതരണത്തിന് തടസ്സം നേരിടുന്നില്ല; കുടിശ്ശികയുമില്ല.**<br><br>**അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം, വർഷം തോറും ലഭിക്കുന്ന സർക്കാർ വിഹിതം എന്നിവ ഉപയോഗിച്ചാണ് പ്രതിമാസ പെൻഷനും മറ്റാനുകൂല്യങ്ങളും, ഓരോ വർഷവും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും ബോർഡിന്റെ 10% ഭരണ ചെലവുകളും വഹിച്ചു വരുന്നത്. 2024 ഏപ്രിൽ 30 ന വിരമിച്ച ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ക്ഷേമനിധി ബോർഡിൽ ലഭ്യമായിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ഏകദേശം രണ്ടായിരത്തോളം അങ്കണവാടി പ്രവർത്തകർ ഏപ്രിൽ 30 ന് 62 വയസ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിരമിക്കുന്നുണ്ട്. വിരമിക്കുന്ന അങ്കണവാടി പ്രവർത്തകരിൽ നിന്നും പെൻഷൻ അപേക്ഷകൾ അതാത് ശിശുവികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച് ഐ സി ഡി എസ് പ്രൊജക്ട് തലത്തിൽ പരിശോധന പൂർത്തിയാക്കി മെയ് 15നു മുമ്പായി ജില്ലാ വനിതാശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കുകയും ജില്ലാതല പരിശോധന പൂർത്തിയാക്കിയ അപേക്ഷകൾ ജൂൺ 15നു മുമ്പായി അങ്കണവാടി ക്ഷേമനിധി ബോർഡിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഇപ്രകാരം ലഭ്യമാക്കുന്ന അപേക്ഷകളുടെ പ്രൊസസിംഗ് 2 മാസത്തിനുള്ളിൽ ക്ഷേമനിധി ബോർഡ് കാര്യാലയത്തിൽ പൂർത്തീകരിക്കുന്നുണ്ട്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർദ്ധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർദ്ധിച്ചു വരുന്ന ചെലവ് ബോർഡിന് ഏറെ സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി** |

| | | | |
|---|---|---|---|
| | | | **ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചു വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 1,80,00,000/- രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ